# യേശുവിന്റെ തേജസ്സ്

സാക് പുന്നൻ

WFTW 30 മാർച്ച് 2014

പുതിയ നിയമത്തിന്റെ മുഖ്യ പ്രതിപാദ്യങ്ങളിൽ ഒന്ന് പരിശുദ്ധാത്മാവ് ആണ്. കൂടാതെ യെശയ്യാവ് 40-66 വരെയുള്ള അദ്ധ്യായങ്ങളിലും മുഖ്യപ്രതിപാദ്യങ്ങളിൽ ഒന്ന് പരിശുദ്ധാത്മാവാണ്.

'ഇതാ ഞാൻ താങ്ങുന്ന എന്റെ ദാസൻ' (യെശ. 42:1) ദൈവത്തിന്റെ ഒരു യഥാർത്ഥ ദാസൻ ദൈവത്താൽ താങ്ങപ്പെടുന്നവൻ ആണ്. അല്ലാതെ, പണത്താലോ, ഒരു സംഘടനയാലോ ഒരു മാനുഷിക പ്രവർത്തക സംഘത്താലോ അല്ല. എല്ലാ സമയത്തും നമ്മെ താങ്ങേണ്ട ഒരാൾ കർത്താവാണ്. മനുഷ്യർ നമുക്ക് സമ്മാനങ്ങൾ തന്നേക്കാം. എന്നാൽ നാം ഒരിക്കലും മനുഷ്യരിലോ പണത്തിലോ ആശ്രയിക്കരുത്. "താങ്ങുക'' എന്ന വാക്ക് സൂചിപ്പിക്കുന്നത് നാം ഏതിലാണോ ആശ്രിതരായിരിക്കുന്നത് അതിനെയാണ്. നാം കർത്താവിൽ തന്നെ ആശ്രിതരായരിക്കണം. നാം ഒരു നിസ്സഹായതയുടെ ഘട്ടത്തിലെത്തുമ്പോഴാണ് ദൈവം തന്റെ ആത്മാവിനെ നമ്മിലേക്ക് പകരുന്നത്.

യെശയ്യാവ് 42: 2,3 വാക്യങ്ങളിൽ ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു. "അവൻ നിലവിളിക്കയില്ല, ഒച്ചയുണ്ടാക്കുകയില്ല, തെരുവീഥിയിൽ തന്റെ ശബ്ദം കേൾപ്പിക്കയുമില്ല.'' ഇത് മത്തായി 12:18ൽ യേശുവിനെപ്പറ്റി പരാമർശിച്ചുകൊണ്ട് ഇങ്ങനെ ഉദ്ധരിച്ചിരിക്കുന്നു. "...ആരും തെരുക്കളിൽ അവന്റെ ശബ്ദം കേൾക്കുകയുമില്ല. ചതഞ്ഞ ഓട അവൻ ഒടിച്ചുകളയില്ല...''

അത് അർത്ഥമാക്കുന്നത്, തന്റെ ജീവിതം താറുമാറാക്കി കളഞ്ഞ ഒരുത്തനെയും കർത്താവ് ഒരിക്കലും നിരുത്സാഹപ്പെടുത്തുകയില്ല. എന്നാൽ അവനെ പ്രോത്സാഹിപ്പിക്കുകയും, അവനെ സൌഖ്യമാക്കുകയും ചെയ്യും എന്നാണ്. അണയാറായ തിരി കർത്താവ് കെടുത്തിക്കളയുകയുമില്ല. മറിച്ച് അവൻ അതിനെ ഊതിക്കത്തിച്ച് ഒരു ജ്വാലയാക്കി മാറ്റും. പരാജയപ്പെട്ട ബലഹീനരായ വിശ്വാസികളെ സഹായിക്കുവാൻ ദൈവത്തിന് താൽപര്യമുണ്ട്. നിരുത്സാഹപ്പെട്ടും, വിഷണ്ണതയിലും ഇരിക്കുന്നവരെ സഹായിക്കുവാനും അവരുടെ ആത്മാക്കളെ ഉയർത്തുവാനും അവൻ താൽപര്യപ്പെടുന്നു.

വിഷണ്ണരും, നിരുത്സാഹികളും പ്രത്യാശയറ്റവരും തങ്ങളുടെ ജീവിതംകൊണ്ട് മടുത്തവരുമായവരെ ഉത്സാഹിപ്പിക്കുന്ന അതേ ശുശ്രൂഷയായിരിക്കും എപ്പോഴും ഒരു യഥാർത്ഥ ദൈവദാസന്റേതും. നമുക്കെല്ലാവർക്കും അങ്ങനെയൊരു ശുശ്രൂഷയ്ക്കായി അന്വേഷിക്കാം. കാരണം അത് എല്ലായിടത്തും ആളുകൾക്ക് ആവശ്യമുണ്ട്.

യെശയ്യാവ് 42:68ൽ കർത്താവ് നമ്മോട് പറയുന്നു: "...കുരുട്ടു കണ്ണുകളെ തുറപ്പാനും ബദ്ധന്മാരെ കുണ്ടറയിൽനിന്നും അന്ധകാരത്തിൽ ഇരിക്കുന്നവരെ കാരാഗൃഹത്തിൽനിന്നും വിടുവിപ്പാനും യഹോവയായ ഞാൻ നിന്നെ നീതിയോടെ വിളിച്ചിരിക്കുന്നു.'' ഇത് ഒരു വലിയ ശുശ്രൂഷയാണ്. എന്നാൽ ഒരു കാര്യം എപ്പോഴും ഓർക്കുക. "ഞാൻ യഹോവ, അതു തന്നെ എന്റെ നാമം; ഞാൻ എന്റെ മഹത്വം മറ്റൊരുത്തനും വിട്ടുകൊടുക്കയില്ല'' (യെശ. 42:8). നാം നമ്മുടെ ശുശ്രൂഷയിൽ ഒരിക്കലും ഒരു മഹത്വവും നമുക്കുവേണ്ടി എടുക്കരുത്. നമുക്കുവേണ്ടി തന്നെ ബഹുമതിയോ മഹത്വമോ എടുക്കുന്നത് വളരെ ഗൗരവമുള്ള കുറ്റമാണ്. അത് പണം മോഷ്ടിക്കുന്നതിനേക്കാൾ വഷളാണ്. ദൈവം നിങ്ങളെയും നിങ്ങളുടെ ശുശ്രൂഷയെയും അധികമായി അനുഗ്രഹിച്ചേക്കാം. എന്നാൽ അവൻ ഒരിക്കലും തന്റെ മഹത്വം ആർക്കും കൊടുക്കുകയില്ല. ഒരിക്കൽ നിങ്ങൾ ദൈവത്തിന്റെ മഹത്വത്തിൽ കൈവയ്ക്കുവാൻ തുടങ്ങിയാൽ, അങ്ങനെ നശിപ്പിക്കപ്പെട്ട അനേക ദൈവദാസന്മാരെപ്പോലെ നീയും നിന്നെത്തന്നെ നശിപ്പിക്കും. ഒരു പ്രാവശ്യം നിന്നെത്തന്നെ ആളുകളുടെ മുമ്പിൽ ഉയർത്തുവാനും, ആളുകളെ കർത്താവിലേക്ക് വലിച്ചടുപ്പിക്കുന്നതനു പകരം നിന്നിലേക്ക് അടുപ്പിക്കാനും ദൈവം ചെയ്തതിന്റെ ബഹുമതി നിനക്കുവേണ്ടി എടുക്കുവാനും തുടങ്ങിയാൽ നീ വളരെ അപകടകരമായ സ്ഥാനത്താണ്. ഇങ്ങനെയാണ് ആയിരങ്ങൾക്ക് തങ്ങളുടെ ജീവിതങ്ങളുടെമേലുണ്ടായിരുന്ന ദൈവത്തിന്റെ അഭിഷേകം നഷ്ടപ്പെട്ടിട്ടുള്ളത്.

യെശയ്യാവ് 42:19 "എന്റെ ദാസനല്ലാതെ കുരുടൻ ആർ! ഞാൻ അയക്കുന്ന ദൂതനെപ്പോലെ ചെകിടൻ ആർ? എന്റെ പ്രിയനെപ്പോലെ കുരുടനും യഹോവയുടെ ദാസനെപ്പോലെ അന്ധനുമായവൻ ആർ?'' ഇതൊരു കുഴക്കുന്ന വാക്യംപോലെ തോന്നുന്നു. പ്രത്യേകിച്ച് വ്യക്തമായി യേശുവിനെക്കുറിച്ച് പരാമർശിക്കുന്നതുകൊണ്ട് (ഒന്നാം വാക്യത്തിൽ നമുക്ക് കാണാൻ കഴിയുന്നതുപോലെ).

ഇത് എന്താണർത്ഥമാക്കുന്നത്? അതിന്റെ അർത്ഥം ഒരു യഥാർത്ഥ ദൈവദാസൻ തനിക്കു ചുറ്റും കാണുകയും കേൾക്കുകയും ചെയ്യുന്ന പല കാര്യങ്ങൾക്കും കുരുടനും ചെകിടനും ആയിരിക്കും എന്നാണ്. "പലതും കണ്ടിട്ടും അവൻ സൂക്ഷിക്കുന്നില്ല'' (യെശ. 42:20). അവൻ മറ്റുള്ളവരിലുള്ള പാപങ്ങളെ കണ്ടുപിടിക്കാനായി ചുറ്റി നടക്കുന്നില്ല. മറ്റുള്ളവർ പറയുന്ന എന്തെങ്കിലും കാര്യങ്ങളിൽ അവരെ കുടുക്കാനായി എന്തെങ്കിലും ഉണ്ടോ എന്നു വച്ച് അവൻ ചുറ്റിനടന്ന് അവർ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുന്നില്ല. പരീശന്മാർ അങ്ങനെയായിരുന്നു. യേശു പറയുന്ന ഏതെങ്കിലും കാര്യത്തിൽ അവനെ കുടുക്കി അവനെതിരെ അപവാദം പറയേണ്ടതിന് എപ്പോഴും കാത്തിരിക്കുകയായിരുന്നു. നിർഭാഗ്യവശാൽ അനേക ക്രിസ്ത്യാനികളും അങ്ങനെയാണ്. ആരെങ്കിലും പറഞ്ഞ ഏതെങ്കിലും കാര്യത്തിൽ അയാളെ കുറ്റപ്പെടുത്താനായി എപ്പോഴും കാത്തിരിക്കുന്നു അയാളുടെ ശുശ്രൂഷയിലുള്ള അസൂയയാണ് മിക്കപ്പോഴും ഇതിനു കാരണം. അവരെപ്പോലെയാകരുത്.

നിങ്ങൾക്കു ചുറ്റും കേൾക്കുകയും കാണുകയും ചെയ്യുന്ന പല കാര്യങ്ങൾക്കും നിങ്ങൾ ബധിരരും കുരുടരും ആയിരിക്കുക. നിങ്ങൾക്കെതിരെ ആരെങ്കിലും പറയുന്ന വ്യാജ അപവാദങ്ങൾ നിങ്ങൾ കേട്ടോ? നിങ്ങൾ ചെകിടനായിരുന്നെങ്കിൽ, നിങ്ങൾ അതു കേൾക്കുകയില്ലായിരുന്നു. അപ്പോൾ ചെകിടനായിരിക്കുക. ഒരു ദൈവത്തിന്റെ ദാസൻ മനോഹാരികളായ സ്ത്രീകളുടെ മുമ്പിൽ അന്ധനായിരിക്കുന്നത് നല്ലതല്ലേ? നിങ്ങൾക്ക് കണ്ണുകളുണ്ട്, എന്നാൽ നിങ്ങൾ കാണുന്നില്ല. നിങ്ങൾ കുരുടനാണ്! നിങ്ങൾക്കു കാതുകളുണ്ട്. എന്നാൽ നിങ്ങൾ കേൾക്കുന്നില്ല! കാരണം നിങ്ങൾ കണ്ണുകൊണ്ട് കാണുന്നതു പോലെയോ ചെവികൊണ്ട് കേൾക്കുന്നതുപോലെയോ ന്യായപാലനം ചെയ്കയില്ല. യേശു ഇങ്ങനെയാണ് ജീവിച്ചത്. ഇങ്ങനെയാണ് നാമും ജീവിക്കേണ്ടത് (യെശ. 11:3).

(മൊഴിമാറ്റം: സാജു ജോസഫ്)